No.CEE/3171/2014/PGM-2015/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001

# വിജ്ഞാപനം

## പി ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2015-16

## രണ്ടാം ഘട്ട അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ (ആർ.സി.സി), സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സർക്കാർ സീറ്റുകൾ എന്നിവയിലെ പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ജനറൽ വിഭാഗത്തിലെ അപേക്ഷാർത്ഥികളുടെ റാങ്കിന്റെയും അവർ 02.05.2015, 3 മണിവരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ നൽകിയ ഓൺലൈൻ ഓപ്ഷനുകളുടെയും അടിസ്ഥാനത്തിൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. സർവ്വീസ് ക്വോട്ടയിലേയ്ക്കുള്ള അലോട്ട്മെന്റ് ബഹു: ഹൈക്കോടതി ഉത്തരവിന് വിധേയമായി പിന്നീട് നടത്തുന്നതാണ്. അലോട്ട്മെന്റ് ലിസ്റ്റ് www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ്/ബാക്കി ഫീസ് **04.05.2015** മുതൽ **08.05.2015** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 08.05.2015 (വെള്ളിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ് ബന്ധപ്പെട്ട കോളേജുകളിൽ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ 30.05.2015 വൈകുന്നേരം 5.30 നു മുൻപായി നോൺ ജോയിനിംഗ് റിപ്പോർട്ട് ഫാക്സ്/ ഇ–മെയിൽ മുഖാന്തിരം ഈ ഓഫീസിലേയ്ക്കു അയച്ചു തരേണ്ടതാണ്.

കുടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.
**0471-2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
03.05.2015

**പ്രവേശന പരീക്ഷാ കമ്മീഷണർ**